## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1147 — 20/03/2012 ൽ മറുപടിയ്ക്ക്

# സർവ്വേ ഡിപ്പാർട്ട്മെന്റിലെ കരാർ നിയമനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിൽ സംസ്ഥാനത്ത് ഏതൊക്കെ തസ്തികകളിലാണ് നിലവിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) റവന്യൂ വകുപ്പിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തപ്പോൾ സെക്യൂരിറ്റി ജീവനക്കാർ, ഡ്രൈവർ മുതലായ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി നൽകി വരുന്നു. സർവെയും ഭൂരേഖയും വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടില്ല. എന്നാൽ ഭൂമികേരളം പദ്ധതിയുടെ കീഴിൽ വരുന്ന കേരള ലാന്റ് ഇൻഫർമേഷൻ മിഷനിൽ ഇപ്പോൾ കരാർ വ്യവസ്ഥയിൽ ഒരു പ്രോജക്ട് മാനേജർ, ഒരു അസിസ്റ്റന്റ് കൺസൾട്ടന്റ് എന്നിവർ ജോലി ചെയ്യുന്നുണ്ട്. |
| (ബി) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ കരാർ നിയമനത്തിൽ ആരെങ്കിലും ജോലി ചെയ്യുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നിർത്തലാക്കി നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) ചോദ്യം ഉദിക്കുന്നില്ല |

(സി) സർവ്വേ ഡിപ്പാർട്ട്മെന്റിൽ വെട്ടിക്കുറച്ച തസ്തികകൾ ഏതൊക്കെയെന്നും ആയതിന്റെ കാരണവും വെളിപ്പെടുത്തുമോ;

(സി) 19/11/2003 ലെ ജി.ഒ.(പി) നമ്പർ 34/2003/ഉഭപവ ഉത്തരവ് പ്രകാരം താഴെ വിവരിക്കുന്ന 652 തസ്തികകൾ സർവ്വെ വകുപ്പിൽ വെട്ടിക്കുറച്ചിട്ടുണ്ട്.

| | |
|---|---|
| ടെക്നിക്കൽ അസിസ്റ്റന്റ് | - 3 |
| സർവെ സൂപ്രണ്ട് | - 2 |
| ഹെഡ് ഡ്രാഫ്റ്റ്സ്മാൻ | - 25 |
| ഹെഡ് സർവെയർ | - 52 |
| ഫസ്റ്റ് ഗ്രേഡ് സർവെയർ/ സെക്കന്റ് ഗ്രേഡ് സർവെയർ | - 400 |
| ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ/ സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | -151 |
| എൽ.ഡി/ യു.ഡി ക്ലാർക്ക് | - 19 |
| ആകെ | -652 |

16/01/2002 ലെ സ.ഉ. (പി) നമ്പർ 56/2002/ധന പ്രകാരം രൂപവൽകൃതമായ കമ്മിറ്റി സർവെയും ഭൂരേഖയും വകുപ്പിൽ കണ്ടെത്തിയ അധിക തസ്തികകളാണ് വെട്ടിക്കുറച്ചത്.

(ഡി) ശമ്പളക്കമ്മീഷൻ ശുപാർശ ചെയ്ത 1:6 എന്ന അനുപാതത്തിൽ തസ്തിക സൃഷ്ടിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

(ഡി) പരിശോധിച്ചു വരുന്നു

സെക്ഷൻ ഓഫീസർ